
# സെന്റ് കാതറിൻസ് ഹൈസ്കൂൾ, പയ്യമ്പള്ളി

## വാർഷിക പദ്ധതി 2025- 26



# അക്കാദമിക മാസ്റ്റർ പ്ലാൻ

## അറിവും മികവും

### ഉള്ളടക്കം

1. ലക്ഷ്യം
2. പാഠ്യമേഖലാ വികസനം
3. ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി
4. ശുചിത്വവും ആരോഗ്യമേഖലയും
5. ഗോത്ര വിഭാഗ വികസനം
6. സാമൂഹ്യ പശ്ചാത്തല വികസനം
7. നാട്ടുമരുന്ന് നാട്ടറിവും
8. വിജയവീഥി
9. അടിസ്ഥാന സൗകര്യ വികസനം
10. സ്കൂൾ സുരക്ഷാ പദ്ധതി
11. എസ് പി സി പ്രോജക്ട്
12. പരിസ്ഥിതി സംരക്ഷണം

## ലക്ഷ്യം

1.അക്കാദമികതലത്തിൽ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുക

2. പാഠ്യമേഖലാ വികസനം

3. പാഠ്യേതര മേഖലകളിൽ മികച്ച കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും ഉയർന്ന നിലവാരത്തിൽ പരിശീലനം നൽകുകയും ചെയ്യുക.

4. സാമൂഹിക അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക

5. ഗോത്ര വിഭാഗത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ

6. എസ്എസ്എൽ സി 100% വിജയം നിലനിർത്തുക. ഫുൾ എ പ്ലസ് കളുടെ എണ്ണം വർദ്ധിപ്പിക്കുക

7. സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം

## 1.ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

1. ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ചു.

2.കുട്ടികളിൽ വികസിപ്പിക്കേണ്ട പൊതു ധാരണകൾ.

3.ജീവിതപാഠം, റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ ,കൗമാര വിദ്യാഭ്യാസം, ഡിജിറ്റൽ അച്ചടക്കം

4.പിടിഎ മീറ്റിംഗിൽ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ, വിവിധ മത്സരങ്ങൾ ഇവ നടത്താൻ തീരുമാനിച്ചു.

5.ഗുണമേന്മ പദ്ധതിയുമായി ബന്ധപ്പെട്ട രക്ഷിതാക്കൾക്ക് വിവിധ മത്സരങ്ങൾ നടത്തൽ

## 2.പാഠ്യ മേഖല വികസനം

പദ്ധതിയുടെ പേര്:

### 'എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു'

മാനന്തവാടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടപ്പിലാക്കുന്ന പദ്ധതിയിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് പ്രത്യേക പരിശീലനം നൽകി എഴുത്തും വായനയും ഉറപ്പിക്കുകയും ചെയ്യുന്നു.

**ലക്ഷ്യം:** ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.

1. **അക്ഷരമരം.**അക്ഷരക്കാർഡ്,പദക്കാർഡ് ചിത്രങ്ങൾ ഇവയുടെ സഹായത്തോടെ ക്ലാസ്സിൽ അക്ഷരമരം രൂപീകരിക്കുന്നു.

2. **അക്ഷര വീട്**

*ലക്ഷ്യം:* വായന, ലേഖനം, ഈ കഴിവുകൾ സ്വായത്തമാക്കുക.
ചിത്രങ്ങൾ ഉപയോഗിച്ച് പദസൂര്യൻ വാക്യ നിർമ്മാണം, കുറിപ്പുകൾ, വിവരണം, കഥ, കവിത, ചിത്രരചന, പതിപ്പ്, നിർമ്മാണം

3 .**വായനക്കൂട്ടം**: ക്ലാസ്സ് ലൈബ്രറി, പത്രവായന, കഥാവായന, വായനാക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, കൈയ്യെഴുത്തുമാസിക എന്നീ പ്രവർത്തനങ്ങളിലൂടെ മികച്ച വായനക്കാരും എഴുത്തുകാരുമാക്കുക.

4. **വായനക്കളരി:** പത്രവായനയിലൂടെ വായനാഭിരുചി വർദ്ധിപ്പിക്കുക.

5. വായന, ലേഖനം ഈ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി അസംബ്ലി നടത്തുന്നു.

6. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആടിസ്ഥാന ഗണിത ക്രി യ ക ൾ ഏറ്റവും ലളിതമായ രീതിയിൽ പഠിപ്പിക്കുന്നു. അത് അവരുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുവാൻ ഉതകുന്നതായിരിക്കും

## II വർക്ക് ബുക്ക്

1. ആഭരണമണിയിക്കാം.

ചിഹ്നങ്ങൾ കൂടാതെ പദങ്ങൾ നൽകി യഥാസ്ഥാനത്ത് ചിഹ്നം ചേർത്ത് എഴുതുന്നു.

2. കഥയിൽ നിന്ന് എഴുതാം

കഥ പറയുന്നു. കഥാപാത്രങ്ങൾ പ്രധാന സംഭവങ്ങൾ എന്നിവ എഴുതുന്നു. തുടർന്ന് കഥ പ്രദർശിപ്പിക്കുന്നു. തിരുത്തുന്നു.

3 .ചിത്രവായന

ചിത്രങ്ങളും ചില പദങ്ങളും നൽകി അവയിൽ നിന്ന് എഴുതുന്നു. വായിക്കുന്നു.

4. <u>പുസ്തക പരിചയം</u>

ഗ്രൂപ്പിൽ പുസ്തകങ്ങൾ നൽകി നിർദ്ദേശിക്കപ്പെട്ട അക്ഷരങ്ങൾ [ ഇരട്ടിപ്പ്, ചിഹ്നം] വരുന്ന പദങ്ങൾ കണ്ടെത്തി സമയബന്ധിതമായി എഴുതി അവതരിപ്പിക്കുന്നു.

## III.വിവിധ സ്കോളർഷിപ്പുകൾക്കുള്ള പരിശീലനം.

L.S.S., U.S.S, NMMS ഉടങ്ങിയ സ്കോളർഷിപ്പുകൾക്കുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുന്നു. മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ അവരെ പരിചയപ്പെടുത്തുന്നു.മുൻവർഷങ്ങളിൽ സ്കോളർഷിപ്പുകൾ കരസ്ഥമാക്കിയ കുട്ടികളുടെ പഠന രീതികൾ പരിചയപ്പെടുത്തുന്നു.

## IV.വിവിധ ക്ലബുകളുടെ പ്രവർത്തനം.

**a)സയൻസ് ക്ലബ്**

1.ദിനാചരണങ്ങൾ

July 21-ചാന്ദ്രദിനം -ചാന്ദ്രയാൻ ക്വിസ്, സ്കിറ്റ്, പ്രസംഗം ഉപഗ്രഹവിക്ഷേപണ വീഡിയോ പ്രദർശനം.

November - 7 -C V Raman day -പ്രധാന കണ്ടുപിടുത്തങ്ങൾ വീഡിയോ പ്രദർശനം, പുസ്തകം പരിചയപ്പെടുത്തൽ.

December - 1 - World AIDS Day - ബോധവൽക്കരണ ക്ലാസ്സ് .റാലി

February -28-പ്രധാന കണ്ടുപിടുത്തങ്ങൾ അനുസ്മരിച്ച് കുറിപ്പ് തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

September - 16- ഓസോൺ ദിനം. പോസ്റ്റർ രചനാ മത്സരം. ഓസോൺ ദിന സന്ദേശം.

September - 18 - 21 സ്കൂൾ തല ശാസ്ത്രമേള

**b)സോഷ്യൽ സയൻസ് ക്ലബ്**

August - 6- ഹിരോഷിമാ ദിനം.

പ്രത്യേക അസംബ്ലി.വീഡിയോ പ്രദർശനം. പോസ്റ്റർ രചനാ മത്സരം.

August - 7 - കർഷക ദിനം.

August -19 നെൽകൃഷി ചെയ്യുന്ന കർഷകരുടെ മക്കളെ പ്രത്യേകം ആദരിക്കും.

## c)ഗണിത ശാസ്ത്രക്ലബ്

weekly contest - എല്ലാ ആഴ്ചയിലും ഗണിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ നൽകും. കുട്ടികൾ ഉത്തരങ്ങൾ കണ്ടെത്തി ബോക്സിൽ നിക്ഷേപിക്കും. ശരിയുത്തരം നൽകുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു.

August - 26.ഗണിത പൂക്കള മത്സരം

## d)ഹിന്ദി ക്ലബ്

ജൂൺ - 19- വായനാദിനം - പോസ്റ്റർ രചന - ക്ലാസ് തലം - ക്ലബ് രൂപീകരണം

ജൂലൈ - 28-ലോകപ്രകൃതിസംരക്ഷണ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ രചനാ മരങ്ങളിൽ [ സ്കൂൾ ക്യാമ്പസിലെ ] അവയുടെ പേര് ഹിന്ദിയിൽ എഴുതി ഒട്ടിക്കുന്നു.

ജൂലൈ - 31- "പ്രേംചന്ദ്" അനുസ്മരണ ദിനം - പ്രശ്നോത്തരി .

- ത്രിഭാഷ ബോർസ് [ ഹിന്ദി, മലയാളം, ഇംഗ്ലീഷ്] സ്കൂളിന്റെ വിവിധ ബ്ലോക്കുകളിൽ സ്ഥാപിക്കുന്നു.

ആഗസ്റ്റ് 12-" ഹമാരാ ദേശ് " -പ്രസംഗം - മത്സരം

സെപ്റ്റംബർ - 14-ദേശീയ ഹിന്ദി ദിനം.

- ഹിന്ദി ഹമാരി രാഷ്ട്രഭാഷ- ഉപന്യാസ രചന മത്സരം - സ്കൂൾ തലം.

-പ്രശ്നോത്തരി

ഒക്ടോബർ - 2 - ഗാന്ധിജയന്തി - പോസ്റ്റർ നിർമ്മാണ മത്സരം.

നവംബർ - 14-ശിശുദിനം - കവിതാ രചന

ജനുവരി -10-ലോക ഹിന്ദി ദിനം

## V.ലൈബ്രറി പ്രവർത്തന പദ്ധതി

1. ക്ലാസ് തല പുസ്തക വിതരണം.

2. ഓരോ ക്ലാസിലേക്കും കുട്ടികളുടെ എണ്ണമനുസരിച്ച് അവരുടെ അഭിരുചിക്കിണങ്ങിയ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ക്ലാസ് തലത്തിൽ ലൈബ്രേറിയ നെ നിയമിച്ച് ക്ലാസ് തല വിതരണം രജിസ്റ്റർ ഏൽപ്പിക്കുകയും ചെയ്യു.

3. അസംബ്ലിയിൽ തങ്ങൾക്ക് കിട്ടിയ പുസ്തകം പരിചയപ്പെടുത്തുന്നു.

4. ആസ്വാദനക്കുറിപ്പ് മത്സരം- എൽ.പി.,യു.പി, ഹൈസ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.

5. ക്വിസ് ബോക്സ് - പ്രാദേശിക ലൈബ്രറിയുമായി ചേർന്ന്, സ്കൂളിൽ വായനാ ക്വിസ് ബോക്സ് വെയ്ക്കുകയും വിജയികളെ ഓരോ മാസവും കണ്ടെത്തുകയും ചെയ്യുന്നു.

6. വാർത്താ ബോർഡ് - സാഹിത്യവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രദർശിപ്പിക്കുന്നു.

7. ഓരോ ക്ലാസ്സിനും ചുമർ ലൈബ്രറി കുട്ടികളിൽ നിന്ന് സമാഹരിച്ച പുസ്തകങ്ങൾ ക്ലാസ്സിൽ സജ്ജീകരിക്കപ്പെട്ട, പുസ്തക ഷെൽഫ് പ്രയോജനപ്പെടുത്തി, ഇടവേളകൾ വായനക്കായി മാറ്റി വയ്ക്കുന്നു.

8. സ്കൂൾ തലത്തിൽ പുസ്തക സമാഹാരം.

9. സാഹിത്യ ക്യാമ്പ്.

കവിത, കഥ, ഉപന്യാസം, വായനമത്സരങ്ങൾ സംഘടിപ്പിക്കുന്നു.

10. റീഡിങ് കാർഡുകളുടെ നിർമ്മാണ വും പ്രയോജനപ്പെടുത്തലും.[ മിടുക്കരായ കുട്ടികളെക്കൊണ്ട് തയ്യാറാക്കിയ റീഡിംങ് കാർഡുകൾ ഓരോ ക്ലാസ്സിലും പിന്നോക്കം നിൽക്കുന്നവർക്കായി, ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽ നടത്തുന്നു.]

11. കൈയ്യെഴുത്ത് മാസിക.

കുട്ടികളുടെ രചനകൾ ചേർത്ത് കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു.

12. സാഹിത്യ പ്രതിഭകളുടെ അനുസ്മരണാർത്ഥം ദിനാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

13. സാഹിത്യ പ്രതിഭകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു.

## 3. ശുചിത്വവും ആരോഗ്യമേഖലയും

1. Health Club .
LP, UP, H s വിഭാഗങ്ങളെ ഉൾപ്പെടുത്തി 40 അംഗ ക്ലബ് രൂപീകരണം.

2. ക്ലാസ്സുകൾ, സെമിനാറുകൾ

6 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി പ്രത്യേകം ക്ലാസ്സുകൾ [ ശുചിത്വം, ആരോഗ്യം സംബന്ധിച്ച് ) നൽകുന്നു. പൂന്തോട്ടം നിർമ്മാണം.

3.ഓഫീസിന്റെ മുൻഭാഗത്തുള്ള ഭാഗം വിവിധ ചെടികൾ വച്ച് പൂന്തോട്ടം നിർമ്മിക്കുന്നു.

4.ശുചീകരണം

മറ്റ് ക്ലബുകളുടെ സഹകരണത്തോടെ സ്കൂൾ പരിസരം വൃത്തിയാക്കുന്നു.

## 4.ഗോത്ര വിഭാഗ വികസനം

**പദ്ധതിയുടെ പേര്: ഗോത്രപ്പൊലിക**

1. ഡിജിറ്റൽ മാഗസിൻ.

2. ഗോത്ര ഫെസ്റ്റ് - തുടിനാദം, വട്ടക്കളി etc .

3. ഹാജർ ഏറ്റവും കൂടുതൽ ലഭിക്കുന്ന കുട്ടികൾക്ക് സമ്മാനം .

4. ക്ലാസ്സടിസ്ഥാനത്തിൽ ഗോത്ര വിഭാഗം കുട്ടികൾക്ക് പ 0 നത്തിന് സമ്മാനം.

5. ഗോത്ര അസംബ്ലി

6. കോളനി PTA.

7.ഗോത്ര വിഭാഗത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ വ്യക്തികളെക്കൊണ്ട് ഗോത്ര വിഭാഗത്തിലെ രക്ഷിതാക്കൾക്കും കുട്ടികൾക്കും സെമിനാർ നൽകും.

## 5.സാമൂഹ്യ പശ്ചാത്തല വികസനം.

1. പ്രാദേശിക PTA

ഒന്നാം പാദ വാർഷിക പരീക്ഷക്ക് ശേഷം പ്രാദേശിക PTA കൾ ആരംഭിക്കും. അതത്ത പ്രദേശങ്ങളിലെ രക്ഷാകർത്താക്കളുടെ സാന്നിധ്യംപ്രാദേശിക PTA കളിൽ ഉറപ്പ വരുത്തുന്നതിന വേണ്ടി കാര്യങ്ങൾ ചെയ്യും. അധ്യാപകർ, PTA എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ പല ഗ്രൂപ്പുകളായി തിരിച്ച് അവരുടെ നേതൃത്തിൽ പ്രാദേശീക PTA കൾ സംഘടിപ്പിക്കും.

2. ലഹരി ബോധവൽക്കരണ പദ്ധതി

വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ലഹരി ബോധവൽക്കരണം നടത്തുന്നതിനായി ഈ അക്കാദമിക വർഷം നടത്തുന്ന പ്രവർത്തനങ്ങൾ .

July 25- ലഹരി വിരുദ്ധ ബോധവൽക്കരണ യജ്ഞത്തിന് തുടക്കം കുറിച്ച് കൊണ്ട് പയ്യംപള്ളി ടൗണിലേക്ക് റാലി. ലഘുലേഖ വിതരണം, ഫ്ലാഷ് മോബ്, ലഹരി വിരുദ്ധ സന്ദേശം നൽകൽ എന്നിവ നടത്തുന്നു.

August - ബോധവൽക്കരണ ക്ലാസ്സ് [ കുട്ടികൾക്ക് ]

September - കോളനികൾ കേന്ദ്രീകരിച്ച് PTA മീറ്റിഗുകൾ സംഘടിപ്പിക്കുന്നു.

January - 30-ലഹരി ബോധവൽക്കരണ യജ്ഞസമാപനം., ടൗണിലേക്ക് റാലി സകിറ്റ് അവതരണം.

## 6.നാട്ടുമരുന്നും നാട്ടറിവും.

നാട്ടിൻ പുറത്തെ ഔഷധ സസ്യങ്ങളെ പ്രാദേശിക നാട്ടുവൈദ്യന്റെ സഹായത്തോടെ തിരിച്ചറിയുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

## 7. വിജയവീഥി

2024-25 അധ്യായന വർഷം വിദ്യാർത്ഥികൾ -

1.ലക്ഷ്യം - 100 % വിജയം

അക്കാദമിക നിലവാരം ഉയർത്തൽ

2. More A+ പദ്ധതി

വിഷയാധിഷ്ഠിത ക്ലാസ്സുകൾ, Hardspot പരിഹാരമാർഗം, Special coaching, Subject expert-ന്റെ ക്ലാസ്സുകൾ.

3. Non D+ പദ്ധതിയിൽ പിന്നോക്കക്കാരെ കണ്ടെത്തൽ, extra ക്ലാസ്സുകൾ, Minimum level പഠനം ഉറപ്പാക്കൽ .

4.SSLC - ക്യാമ്പുകൾ -

Day and Night Camp. Motivation class for Students, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ, ക്ലാസ്സ് P.T .A, കോളനി PTA, പ്രാദേശിക PTA, ഭവന സന്ദർശനം.Mid termExamination, Unit Test, Terminal Examination, കുട്ടികളെ ദത്തു നൽകൽ, Study Board - ക ൾ, Resource Books,Morning Evening classes .

## 8. അടിസ്ഥാന സൗകര്യ വികസനം.

പാചകപ്പുര,ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജീകരിക്കുക.

## 9.സ്കൂൾ സുരക്ഷാ പദ്ധതി.

ഈ സ്കൂളിലെ എല്ലാ വിദ്യാർത്ഥികളും അവർ ആയിരിക്കുന്ന ഇടങ്ങളിലെല്ലാം സുരക്ഷിതരാണെന്ന് ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി.

കമ്മറ്റി അംഗങ്ങൾ

ഹെഡ്മാസ്റ്റർ: Sri.Philip Joseph

നോഡൽ ഓഫീസർ: Sri.Amal Mathew

SHO- മാനന്തവാടി സ്റ്റേഷൻ

PTA പ്രസിഡന്റ്: Sri Joby Joseph

വാർഡ് കൗൺസിലർ -

മെമ്പേർസ്-

-

സ്കൂൾ ലീഡർ-

ഓട്ടോ ഡ്രൈവർ :ശ്രീ.ഷാജി ജോൺ

മെർച്ചന്റ്: ശ്രീ.ജിജി കുടക്കച്ചിറ

**പ്രധാന പ്രവർത്തനങ്ങൾ:**

വാഹനങ്ങളിൽ പോകുന്ന -കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തൽ

- ലഹരി പദാർത്ഥങ്ങളും മറ്റും കുട്ടികൾക്ക് ലഭിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുക. സ്കൂൾ പരിസരങ്ങളിലെ കടകളിൽ ഇവ വിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തുക.

## 10.SPC പ്രോജക്ട്

പോലിസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന ബഹു.DGP നിർദ്ദേശിച്ച 10 കമ്മ്യൂണിറ്റി പ്രോജക്ടുകൾ നടപ്പിൽ വരുത്തുന്നു.

1. Each one teach 100 [Traffic]

2. SPC for a green planet

3. Friends of home

4.Physical quotient

5.SPC against unhealthy addictions

6.Intellectual quotient

7. Ambassador s of child rights and civic responsibilities

8.Responsible waste generation and management

9.Rain water harvesting

10 .Thinking innovative

## 11. പരിസ്ഥിതി സംരക്ഷണം

1. വൃക്ഷത്തൈകൾ വിതരണം ചെയ്യുക

2. വനവൽക്കരണം: സ്കൂൾ ഗ്രൗണ്ടിന് ചുറ്റും തണൽ മരങ്ങളും ഫലവൃക്ഷതൈകളും നട്ടുപിടിപ്പിക്കുക.

********************************